# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3776. 15.05.2017 -ൽ മറുപടിയ്ക്ക്

### സ്വാശ്രയ കോളേജുകളിൽ നടക്കുന്ന വിദ്യാർത്ഥി പീഡനങ്ങൾ

*ചോദ്യം*
ശ്രീ. അബ്ദുൽ ഹമീദ് പി.

*ഉത്തരം*
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ നടക്കുന്ന വിദ്യാർത്ഥി പീഡനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്.<br>സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ സ.ഉ. (എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അശാസ്ത്രീയ പഠനരീതികളും കാടൻ ശിക്ഷാരീതികളും പിന്തുടരുന്ന സ്വാശ്രയ കോളേജുകളെ കണ്ടെത്തി അഫിലിയേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ